"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - കൃഷിക്കും ജീവനും സ്വത്തിനും വിനാശം വരുത്തുന്ന കാട്ടുപന്നികളെ നിയമാനുസൃതമായി നശിപ്പിക്കുന്നതിനുള്ള പുതുക്കിയ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി(ഡി) വകുപ്പ്**

സ.ഉ.(കൈ) നം.29/2022/F&WLD തീയതി,തിരുവനന്തപുരം, 28-05-2022

പരാമർശം:-

1. സ.ഉ(സാധാ) നം. 265/2011/വനം തീയതി, 17.06.2011
2. സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതിമന്ത്രാലയത്തിലേക്ക് അയച്ചിട്ടുള്ള 01.11.2020, 11.01.2021, 17.06.2021, 07.10.2021, 08.02.2022 തീയതികളിലെ ഡി2/126/2020/FWLD നമ്പർ കത്തുകൾ
3. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള 10.12.2020, 08.07.2021, 07.03.2022 തീയതികളിലെ F.No 8-31/2020-WL നമ്പർ കത്തുകൾ
4. സ.ഉ(സാധാ) നം. 111/2020/വനം തീയതി, 18.05.2020

5 സ.ഉ(സാധാ) നം.284/2020/വനം തീയതി, 18.11.2020

6 സ.ഉ(സാധാ) നം.5/2021/വനം തീയതി, 11.01.2021

7 സ.ഉ(സാധാ) നം.25/2021/വനം തീയതി, 28.01.2021

8 സ.ഉ (സാധാ) നം.159/2021/വനം തീയതി, 29.05.2021

9 സ.ഉ (കൈ) നം.23/2022/വനം തീയതി, 05.05.2022

10. പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ 10.05.2022-ലെ KFDHQ/1247/2022-CWW/WL11 നമ്പർ കത്ത്

**ഉത്തരവ്**

കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം, കേന്ദ്ര സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. അതിനുള്ള മറുപടികൾ പരാമർശം (3) പ്രകാരം ലഭിച്ചിട്ടുണ്ട്. വനം വന്യജീവി (സംരക്ഷണ) നിയമം 1972-ലെ ചട്ടം 11(1)(ബി) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കൊണ്ടും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ സേവനം ഉപയോഗപ്പെടുത്തിയും, മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ നേരിടാനാണ് കേന്ദ്രസർക്കാർ അറിയിച്ചിരിക്കുന്നത്.

മനുഷ്യ ജീവനും, സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന അപകടകാരികളായ കാട്ടുപന്നികളെ ഒരു നിശ്ചിത സ്ഥലത്ത് ഉന്മൂലനം ചെയ്യുന്നതിന് ഒരു വ്യക്തിക്ക് അനുമതി നൽകാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തിയവർക്കോ ചട്ടം 11(1)(ബി) പ്രകാരം അധികാരമുണ്ട്. സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ ഗണ്യമായ പങ്ക് വഹിക്കുന്ന കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനായി അനുമതി നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആവശ്യമായ ഭേദഗതികളോടെ പുതുക്കിയ ഉത്തരവുകൾ തുടർന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

കാട്ടിൽ നിന്നും നാട്ടിലേക്കിറങ്ങി മനുഷ്യരുടെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് പരാമർശം (4) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലയളവ് ആറ് മാസത്തേക്കായിരുന്നു. 17.11.2020-ൽ കാലാവധി കഴിഞ്ഞ പ്രസ്തുത ഉത്തരവ് പരാമർശം (5) ലെ സർക്കാർ ഉത്തരവ് പ്രകാരം 17.05.2021 വരെ ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. കൂടാതെ കാട്ടുപന്നികളെ കൊല്ലാൻ ഉപയോഗിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളിലും നടപടിക്രമങ്ങളിലും ചില ഭേദഗതികൾ വരുത്തിക്കൊണ്ട് പരാമർശം (6) പ്രകാരം ഉത്തരവാകുകയും പ്രസ്തുത ഉത്തരവിന്റെ കാലാവധി പരാമർശം (5) ലെ സർക്കാർ ഉത്തരവിന്റെ കാലാവധിയായ 17.05.2021 വരെ മാത്രമായി നിജപ്പെടുത്തി ഉത്തരവായിരുന്നു. പരാമർശം (7) ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങളിലും നടപടിക്രമങ്ങളിലും ചില ഭേദഗതികൾ കൂടി വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനായി നൽകിയ പ്രൊപ്പോസൽ കേന്ദ്രസർക്കാർ അനുവദിക്കാത്ത സാഹചര്യത്തിലും, കേരളത്തിൽ കാട്ടുപന്നികൾ മൂലം വനേതരപ്രദേശങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന നാശനഷ്ടങ്ങളിൽ കുറവ് ഉണ്ടാകാത്ത സാഹചര്യത്തിലും പരാമർശം (6), (7) സർക്കാർ ഉത്തരവുകളുടെ കാലാവധി 18.05.2022 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് പരാമർശം (9) പ്രകാരം ഉത്തരവായിരുന്നു.

മനുഷ്യ ജീവനും സ്വത്തിനും, കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ വനേതര ഭൂമികളിൽ നശിപ്പിക്കാൻ കർഷകർക്കും ഉദ്യോഗസ്ഥർക്കും നിലവിൽ നടപടി സ്വീകരിക്കാവുന്നതാണ്. വനേതര ഭൂമികളിൽ കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ നശിപ്പിക്കുന്നതിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് അപേക്ഷ സമർപ്പിക്കുന്ന എല്ലാ കർഷകർക്കും അനുമതി നൽകി വരുന്നുണ്ട്.

11.05.2022-ന് വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനത്തിന്റെയും കേന്ദ്ര സർക്കാരിന്റെ 07.03.2022-ലെ കത്തിന്റെയും അടിസ്ഥാനത്തിൽ, വനം വന്യജീവി (സംരക്ഷണ) നിയമം 1972-ലെ ചട്ടം 11(1)(ബി) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കൊണ്ട്, മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ

നേരിടുന്നത് സംബന്ധിച്ച വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കാട്ടുപന്നിയുടെ ആക്രമണം ഫലപ്രദമായി പ്രതിരോധിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

1. ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുയോജ്യമായ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട Honorary Wild Life Warden- ന് അഥവാ അധികാരപ്പെട്ട ഉദ്യോഗസ്ഥന് അനുമതി നൽകുന്നു. എന്നാൽ വിഷപ്രയോഗം, സ്ഫോടകവസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നികളെ കൊല്ലാൻ പാടുള്ളതല്ല.
2. മേൽ പ്രകാരം അധികാരപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, മുൻസിപ്പൽ ചെയർപേഴ്സൺ, കോർപ്പറേഷൻ മേയർ എന്നിവരെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 4(1)(bb) പ്രകാരം Honorary Wild Life Warden ആയി സർക്കാർ നിയമിക്കുന്നതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി, മുൻസിപ്പൽ സെക്രട്ടറി, കോർപ്പറേഷൻ സെക്രട്ടറി എന്നിവരെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 4(1)(c) പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥരായി വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 11 (1) (b) പ്രകാരമുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അധികാരപ്രകാരം നിയമിക്കാവുന്നതാണ്.
3. ഇത്തരത്തിൽ കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ, വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 11(1)(b) പ്രകാരമുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അധികാരം Honorary Wild Life Warden മാർക്കും, അധികാരപ്പെട്ട ഉദ്യോസ്ഥൻമാർക്കും വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 5(2) പ്രകാരം ഡെലിഗേറ്റ് ചെയ്യുവാനുള്ള അനുമതി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകുന്നു.
4. ഇപ്രകാരം കാട്ടുപന്നികളെ കൊല്ലുന്ന വേളകളിൽ മനുഷ്യജീവനും സ്വത്തിനും വളർത്തു മൃഗങ്ങൾക്കും ഇതര വന്യജീവികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.
5. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതുമാണ്.
6. കൊല്ലപ്പെടുന്ന കാട്ടുപന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്.
7. ജന ജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊല്ലുന്നതിനും, ജഡം യഥാവിധി സംസ്കരിക്കുന്നതിലും മേൽ പ്രസ്താവിച്ച അധികാര സ്ഥാനങ്ങൾക്കും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കും ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.

8. പരാമർശം (9)-ലെ സർക്കാർ ഉത്തരവിലേതിന് പകരമായി മേൽ നടപടി ക്രമങ്ങൾ പാലിക്കേണ്ടതും ആയതിന് ഒരു വർഷത്തെ പ്രാബല്യം ഉണ്ടായിരിക്കുന്നതുമാണ്.

മേൽ പ്രകാരം, ജനവാസ മേഖലകളിൽ മനുഷ്യ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ ഉന്മൂലനം ചെയ്യുന്നതിനായി, പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ Honorary Wild Life Warden/അധികാരപ്പെട്ട ഉദ്യോഗസ്ഥന് അങ്ങനെയുള്ള പ്രദേശത്ത് അത്തരം കാട്ടുപന്നികളെ സ്വയം വേട്ടയാടി കൊല്ലുന്നതിന് അല്ലെങ്കിൽ മറ്റാരെങ്കിലും മുഖേന കൊല്ലിക്കുന്നതിന്, അതിനുള്ള കാരണം വ്യക്തമാക്കിക്കൊണ്ട്, ഉത്തരവ് നൽകാവുന്നതാണ്. മനുഷ്യ ജീവനും മറ്റു വന്യജീവികൾ, വളർത്തു മൃഗങ്ങൾ എന്നിവയ്ക്കും അപകടം സംഭവിക്കാതിരിക്കുന്നതിനായി മേൽ പ്രസ്താവിച്ച പ്രകാരം വിഷപ്രയോഗം , സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ, എന്നിവ ഒഴികെയുള്ള മറ്റ് രീതികളിൽ ഇത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന് അനുമതി നൽകാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

അഡിഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ലാ കളക്ടർമാർ
സംസ്ഥാന പോലീസ് മേധാവി, പോലീസ് ആസ്ഥാനം, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
ഡയറക്ടർ, നഗരകാര്യ വകുപ്പ്
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & ഹെഡ് ഓഫ് ഫോറെസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
പൊതുഭരണ(എസ് സി) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ശേഖരം/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Anjaly Devi A G**
**Date: 28-05-2022 14:47:00**

സെക്ഷൻ ഓഫീസർ

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. വനം വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 25-05-2022

ഫയൽ നം. FWLD-D2/126/2020/FWLD-. ഇനം നം: 769

വിഷയം : വനം-വന്യജീവി വകുപ്പ് - കൃഷിക്കും ജീവനും സ്വത്തിനും വിനാശം വരുത്തുന്ന കാട്ടുപന്നികളെ നിയമാനുസൃതമായി കൊന്നൊടുക്കുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത്.

തീരുമാനം : താഴെപ്പറയുന്ന ഭേദഗതികളോടുകൂടി കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

1. ജനവാസ മേഖലകളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ അനുയോജ്യമായ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണ്. എന്നാൽ വിഷപ്രയോഗം, സ്ഫോടകവസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നികളെ നശിപ്പിക്കുവാൻ പാടുള്ളതല്ല.
2. അംഗീകരിച്ചു.

3, 4 - ഒഴിവാക്കുവാൻ തീരുമാനിച്ചു.

5, 6. - അംഗീകരിച്ചു.

7. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കേണ്ടതും ആയത് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതുമാണ്.

8, 9, 10. - അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1. | ഫയൽനമ്പർ | FWLD-D2/126/2020/FWLD |
| 2. | വകുപ്പ് | വനം വന്യജീവി (ഡി) വകുപ്പ്, |
| 3. | വിഷയം | കൃഷിക്കും ജീവനും സ്വത്തിനും വിനാശം വരുത്തുന്ന കാട്ടുപന്നികളെ നിയമാനുസൃതമായി കൊന്നൊടുക്കുന്നതിനുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 19/05/2022 |
| 5. | (i) ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | ഇല്ല |
| | (ii) സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ജയറാം കുമാർ ആർ |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീ. രാജേഷ് കുമാർ സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 24.05.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി .പി . ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 24.05.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ. കെ. ശശീന്ദ്രൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 24.05.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 24.05.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കാട്ടുപന്നിയെ ക്ഷുദ്രജീവി ആക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യത്തിൽ കേന്ദ്ര സർക്കാർ അനുകൂല നിലപാട് സ്വീകരിക്കാത്ത സാഹചര്യത്തിൽ കാട്ടുപന്നിയുടെ ആക്രമണം ഫലപ്രദമായി പ്രതിരോധിക്കുന്നതിനായുള്ള പ്രൊപ്പോസലുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്

കാട്ടുപന്നിയെ ക്ഷുദ്രജീവി ആയി പ്രഖ്യാപിക്കുന്നതിനായി നിരവധി കത്തുകൾ കേന്ദ്ര സർക്കാരിലേയ്ക്ക് അയയ്ക്കുകയും, അതിനുള്ള മറുപടികൾ ലഭിച്ചിട്ടുള്ളതുമാണ്. നിലവിലെ സാഹചര്യത്തിൽ, കേന്ദ്ര സർക്കാരിൽ നിന്നുള്ള 07.03.2022-ലെ കത്ത് പ്രകാരമുള്ള ഏറ്റവും പുതിയ മറുപടി വ്യക്തമാക്കുന്നത്, കേന്ദ്രസർക്കാരിൽ നിന്ന് അനുകൂല തീരുമാനം ഇനി ഉണ്ടാവാൻ സാദ്ധ്യതയില്ല എന്നുള്ളതാണ്. വനം വന്യജീവി (സംരക്ഷണ) നിയമം 1972-ലെ ചട്ടം 11(1)(ബി) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കൊണ്ട് മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ നേരിടാനാണ് കേന്ദ്രസർക്കാർ അറിയിച്ചിരിക്കുന്നത്. മനുഷ്യ ജീവനും, സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന അപകടകാരികളായ കാട്ടുപന്നികളെ ഒരു നിശ്ചിത സ്ഥലത്ത് ഉന്മൂലനം ചെയ്യുന്നതിന് ഒരു വ്യക്തിക്ക് അനുമതി നൽകാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തിയവർക്കോ അധികാരം നൽകുന്നതാണ് ചട്ടം 11(1)(ബി) യുടെ ഉള്ളടക്കം.

കാട്ടുപന്നിയെ കൊല്ലാൻ കർഷകരെ അനുവദിക്കാം എന്ന സംസ്ഥാന സർക്കാരിന്റെ ഉത്തരവ് 2011 മുതൽ ഉണ്ട്. 17.06.2011-ലെ സ.ഉ (സാധാ) നം. 265/2011/വനം നമ്പർ ഉത്തരവ് പ്രകാരം കൃഷിഭൂമികളിലെ നാശനഷ്ടമുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിനുള്ള അനുമതി അപേക്ഷിക്കുന്ന കർഷകർക്ക് നൽകാവുന്നതാണ്. തുടർന്ന് എല്ലാ വർഷങ്ങളിലേയ്ക്കും ആവശ്യമായ ഭേദഗതികളോടെ പുതുക്കിയ ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. നിലവിൽ ഈ ഉത്തരവുകളുടെ കാലാവധി 17.05.2023 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.(സ.ഉ.(കൈ) നം.23/2022/വനം, തീയതി 05.5.2022).

കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വനേതര ഭൂമികളിൽ കൊന്നൊടുക്കുന്നതിന് അപ്രകാരം അപേക്ഷിക്കുന്ന കേസുകളിൽ, വ്യവസ്ഥകൾക്ക് വിധേയമായി 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 11 (1)(b) പ്രകാരം കൊല്ലുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള അധികാരം എല്ലാ ടെറിട്ടോറിയൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും സംരക്ഷിത മേഖലയിലെ വൈൽഡ് ലൈഫ് വാർഡൻമാർക്കും നൽകിക്കൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ 08.03.2019-ലെ WL4 466/2011 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മനുഷ്യ ജീവനും സ്വത്തിനും, കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ വനേതര ഭൂമികളിൽ നശിപ്പിക്കാൻ കർഷകർക്കും ഉദ്യോഗസ്ഥർക്കും നടപടി സ്വീകരിക്കാവുന്നതാണ്. വനേതര ഭൂമികളിൽ കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ നശിപ്പിക്കുന്നതിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് അപേക്ഷ സമർപ്പിക്കുന്ന എല്ലാ കർഷകർക്കും അനുമതി ലഭ്യമാകുന്നതാണ്. സർക്കാർ ഉത്തരവിലെ പ്രസക്ത സംഗതികൾ താഴെ പറയുന്നു

- മനുഷ്യന്റെ ജീവനും സ്വത്തിനും നാശം വരുത്തുന്ന കാട്ടുപന്നികളെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ 2(16) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളത് പ്രകാരം നശിപ്പിക്കാൻ കർഷകർക്കും ഉദ്യോഗസ്ഥർക്കും നടപടി സ്വീകരിക്കാവുന്നതാണ്.
- വിഷ പ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപിക്കൽ, വനാതിർത്തിയിൽ നിന്നും 3 കിലോമീറ്റർ വരെയുള്ള ഭാഗത്ത് കുരുക്കിട്ട് പിടിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നികളെ നശിപ്പിക്കാൻ പാടില്ല.
- കാട്ടിൽ നിന്നും നാട്ടിലേയ്ക്കിറങ്ങി മനുഷ്യ ജീവനോ, സ്വത്തിനോ, കൃഷിക്കോ നാശനഷ്ടമുണ്ടാക്കുന്ന എല്ലാത്തരം കാട്ടുപന്നികളെയും നശിപ്പിക്കാവുന്നതാണ്.
- കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ചിട്ടുള്ള പട്ടികയിലെ പ്രദേശങ്ങളിൽ കാട്ടുപന്നികളെ നശിപ്പിക്കാവുന്നതാണ്.

- ജനജാഗ്രതാ സമിതിയുടെ ശിപാർശ സഹിതമോ, അല്ലാതെയോ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക്, ടി പന്നികളെ നശിപ്പിക്കുന്നതിനുള്ള അനുമതി തേടിക്കൊണ്ട് സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ 24 മണിക്കൂറിനകം തീർപ്പാക്കേണ്ടതാണ്.

- ഇപ്രകാരം അനുമതി ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പിടിക്കപ്പെടുകയോ, കൊല്ലപ്പെടുകയോ ചെയ്യുന്ന കാട്ടുപന്നികളെ സംബന്ധിച്ച വിവരം വനം വകുപ്പ് ഉദ്യോഗസ്ഥരെ ഉടൻ തന്നെ അറിയിക്കേണ്ടതും അറിയിപ്പ് ലഭിച്ച് കഴിഞ്ഞാലുടൻ 24 മണിക്കൂറിനകം പ്രസ്തുത കാട്ടുപന്നിയുടെ ജഡത്തെ പ്രസ്തുത ഉദ്യോഗസ്ഥർ കൈപ്പറ്റേണ്ടതുമാണ്.

- ഫോറസ്റ്റ് റെയിഞ്ച് പരിധിയിലുള്ള തോക്ക് ഉപയോഗിക്കുവാൻ ലൈസൻസുള്ളവരും, പന്നിയെ കൊല്ലാൻ സന്നദ്ധരായവരുമായ വ്യക്തികളുടെ ഒരു പാനൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ് ലൈഫ് വാർഡൻ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

- കാട്ടുപന്നിയെ വെടിവച്ച് കൊല്ലുന്നതിന്, വനം വകുപ്പ്, പോലീസ്, മറ്റു യൂണിഫോം സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥർ, തോക്ക് ഉപയോഗിക്കാൻ ലൈസൻസ് ഉള്ള വ്യക്തികൾ എന്നിവരെ എംപാനൽ ചെയ്യാവുന്നതാണ്.

- വെടി വയ്ക്കാൻ എംപാനൽ ചെയ്യപ്പെടുന്ന വ്യക്തിയ്ക്ക് കൃത്യം നിർവ്വഹിക്കുന്ന മുറയ്ക്ക് പന്നി ഒന്നിന് 1000/- രൂപ (ആയിരം രൂപ മാത്രം) നിരക്കിൽ പ്രതിഫലം അനുവദിക്കേണ്ടതാണ്.

- കാട്ടുപന്നിയെ വെടിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് അറിഞ്ഞോ, അറിയാതെയോ, മനുഷ്യ ജീവനോ സ്വത്തിനോ സംഭവിക്കുന്ന അപായങ്ങൾക്കും നാശനഷ്ടങ്ങൾക്കും വെടിവയ്ക്കുന്നയാൾ മാത്രമായിരിക്കും ഉത്തരവാദി.

- കൊല്ലപ്പെട്ട പന്നിയുടെ ജഡം പരിശോധിച്ച് മഹസ്സർ തയ്യാറാക്കേണ്ടതും, നിശ്ചിത ഫോമിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. തുടർന്ന്

സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ മേൽ നോട്ടത്തിൽ ജഡം കത്തിക്കുകയോ, മണ്ണെണ്ണ ഒഴിച്ച് മറവ് ചെയ്യുകയോ ചെയ്യേണ്ടതാണ്.

- കൃത്യം നടപ്പിലാക്കി 2 4 മണിക്കൂറിനകം വൈൽഡ് ലൈഫ് വാർഡന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

സ.ഉ.(കൈ) നമ്പർ. 23/2022/വനം, തീയതി 05.05.2022 പ്രകാരം ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ കാലാവധി 18.05.2022 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചിട്ടുണ്ട് എന്നാൽ കേന്ദ്ര സർക്കാരിന്റെ മേൽ കത്ത് പ്രകാരമുള്ള മറുപടിയുടെ അടിസ്ഥാനത്തിലും കാട്ടുപന്നി ശല്യം കൂടുതൽ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും 11.05.2022 ന് വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഈ യോഗത്തിന്റെ നടപടിക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കാമോ എന്ന വിഷയം മന്ത്രിസഭയുടെ പരിഗണയ്ക്ക് വയ്ക്കുന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. വനം വകുപ്പ് മന്ത്രി മുഖാന്തിരം ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തിരുന്നു.

1. വനാർതിർത്തി പങ്കിടുന്ന പഞ്ചായത്ത് വാർഡുകൾ ഒഴിച്ച് ബാക്കി പഞ്ചായത്തുകളിൽ കാട്ടുപന്നികളെ അനുയോജ്യമായ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ ഗ്രാമ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപറേഷൻ എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണ്. എന്നാൽ കുരുക്കിട്ടു പിടിക്കൽ, വിഷ പ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നികളെ നശിപ്പിക്കുവാൻ പാടുള്ളതല്ല.

2. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്തുന്നതിനായി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, മുൻസിപ്പൽ ചെയർപേഴ്സൺ, കോർപ്പറേഷൻ മേയർ എന്നിവരെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 4(1)(bb) പ്രകാരം Honorary Wild Life Warden ആയി സർക്കാർ നിയമിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, മുൻസിപ്പൽ സെക്രട്ടറി, കോർപ്പറേഷൻ സെക്രട്ടറി എന്നിവരെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 4(1)(c) പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥരായി നിയമിക്കുന്നതാണ്.

3. വനാർത്തിർത്തി പങ്കിടുന്ന പഞ്ചായത്ത് വാർഡുകൾ ഉൾപ്പെട്ടു വരുന്ന വനേതര ഭൂമികളിലെ കാട്ടുപന്നികളെ വനം വകുപ്പ് നേരിട്ട് ജനജാഗ്രതാ സമിതികളുടെ പങ്കാളിത്തത്തോടുകൂടി നിയന്ത്രിക്കേണ്ടതാണ്.

4. 100 ഏക്കർ വരെ വിസ്തൃതിയുള്ള ചെറിയ വന പ്രദേശത്തെ കാട്ടുപന്നികളെ വനം വകുപ്പ് തന്നെ നിയന്ത്രിക്കുന്നതാണ്.

5. ഇനം 1, 2 പ്രകാരം കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 11 (1) (b) പ്രകാരമുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അധികാരം Honorary Wild Life Warden മാർക്കും, അധികാരപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 5 (2) പ്രകാരം ഡെലിഗേറ്റ് ചെയ്യുവാനുള്ള അനുമതി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകേണ്ടതാണ്.

6. ഇപ്രകാരം കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്ന വേളകളിൽ മനുഷ്യജീവനും സ്വത്തിനും വളർത്തു മൃഗങ്ങൾക്കും ഇതര വന്യജീവികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതുണ്ട്.

7. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം കത്തിക്കുകയോ, മണ്ണെണ്ണ ഒഴിച്ച് മറവ് ചെയ്യുകയോ ചെയ്യേണ്ടതും, ആയത് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതുമാണ്.

8. കൊല്ലപ്പെടുന്ന പന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്.

9. ജന ജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിലും ജഡം യഥാവിധി സംസ്കരിക്കുന്നതിലും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.

10. 05.05.2022 ലെ സ. ഉ (കൈ) നമ്പർ 23/2022/വനം നമ്പർ ഉത്തരവിന് പകരമായി

മേൽ നടപടിക്രമങ്ങൾ വ്യക്തമാക്കിയുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, തുടക്കത്തിൽ ടി ഉത്തരവിന് ഒരു വർഷത്തെ പ്രാബല്യം നൽകാവുന്നതുമാണ്

ഈ വിഷയത്തിൽ നിയമവകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

"ഭരണ വകുപ്പിന്റെ കുറിപ്പ് ഫയൽ ഖണ്ഡിക 249 —ൽ (പേജ് 77) സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ ഒന്നാമതായി വനാതിർത്തി പങ്കിടാത്ത പഞ്ചായത്ത് വാർഡുകൾ ഉൾപ്പെടുന്ന വനേതര പ്രദേശങ്ങളിൽ ചില പ്രത്യേക മാർഗ്ഗങ്ങളിലൂടെ, അതായത്, കുരിക്കിട്ട് പിടിക്കൽ, വിഷപ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കാട്ടു പന്നികളെ നശിപ്പിക്കുന്നതിന് വിലക്കേർപ്പെടുത്തുന്ന വ്യവസ്ഥ ഉൾപ്പെട്ടിട്ടുണ്ട്. 1972- ലെ വന്യജീവി സംരക്ഷണ ആക്റ്റിന്റെ വകുപ്പ്2 (16) ൽ 'hunting' എന്ന പദത്തിന് "Killing or poisoning any wild animal or captive animal and every attempt to do so...."എന്നത് ഉൾപ്പെടെയുള്ള ഒരു വിശാല അർത്ഥമാണ് കൽപ്പിച്ചിട്ടുള്ളതെങ്കിലും (inclusive definition) വനാതിർത്തി പുറത്ത് മേൽ പരാമർശിച്ച മാർഗ്ഗങ്ങൾ അവലംബിച്ച് മൃഗങ്ങളെ കൊല്ലുന്നതും മറ്റും നിരോധിക്കുന്ന വ്യവസ്ഥ കേന്ദ്ര സർക്കാരിന്റെ 06.02.2021 തീയതിയിലെ 'advisory to deal with human wild life conflict' എന്ന മാർഗ്ഗനിർദ്ദേശങ്ങളിലും വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, ഇക്കാര്യം വനം വന്യജീവി വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുകളിലും (11.01.2021 തീയതിയിലെ 5/2021/വനം, 28.01.2021 തീയതിയിലെ 25/2021/വനം) വ്യക്തമാക്കിയിട്ടുണ്ട്. ആ നിലയ്ക്ക് വനാതിർത്തി പങ്കിടാത്ത പഞ്ചായത്ത് വാർഡുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ മേൽപരാമർശിച്ച മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നികളെ നശിപ്പിക്കുന്ന വ്യവസ്ഥ നിലനിർത്തേണ്ടതാണ്. എന്നാൽ, വനാതിർത്തി പങ്കിടുന്ന പഞ്ചായത്ത് വാർഡുകൾ ഉൾപ്പെടെയുള്ള വനേതര പ്രദേശങ്ങളിലോ വനപ്രദേശങ്ങളിലോ മേൽപരാമർശിച്ച മാർഗ്ഗങ്ങൾ അവലംബിച്ച് മൃഗങ്ങളെ നശിപ്പിക്കുന്നത് ജീവനോ സ്വത്തിനോ അപകടമാവുമെന്ന് Chief Wild Life Warden ന് അഭിപ്രായമുള്ളപക്ഷം മേൽ പരാമർശിച്ചതൊഴികെയുള്ള മറ്റു ഉചിതമായ മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നികളെ നശിപ്പിക്കാനുള്ള തീരുമാനം കൈകൊള്ളാവുന്നതാണ്.

2) നിലവിൽ വനാതിർത്തി പങ്കിടാത്ത പഞ്ചായത്ത് വാർഡുകൾ ഉൾപ്പെടുന്ന വനേതര പ്രദേശങ്ങളിൽ hunting നുള്ള അധികാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് കാണുന്നു. ഇതിനായി ആക്റ്റിന്റെ 4 (1)(bb), (c) എന്നീ

വകുപ്പുകൾ പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച്കൊണ്ട് യഥാക്രമം 'Honorary wild life warden' മാരെയും 'ഉദ്യോഗസ്ഥരെയും ജീവനക്കാരെയും' നിയമിക്കാവുന്നതാണ്. ഇക്കാര്യം 06.02.2021- ലെ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ('advisory to deal with human wild life conflict') ഖണ്ഡിക 14 ലും വ്യവസ്ഥ ചെയ്തിട്ടുണ്ട് ആക്റ്റിന്റെ 11(1)(b) പ്രകാരം Chief Wild Life Warden ന് പുറമേ 'authorized officer' ക്കും വന്യമൃഗങ്ങളെ വേട്ടയാടുന്നതിനോ, വേട്ടയാടപ്പെടുന്നതിനോ ഉള്ള അധികാരം ഏതൊരു വ്യക്തിയേയും ഏൽപ്പിച്ചുകൊണ്ട് ഉത്തരവ് നൽകാൻ അധികാരപ്പെടുത്തുന്ന വ്യവസ്ഥ ഉണ്ട് ആക്റ്റിന്റെ Schedule II, III, IV എന്നിവയിൽ വിവരിച്ചിട്ടുള്ളതും മനുഷ്യ ജീവനോ സ്വത്തിനോ അപകടകാരിയായിട്ടുള്ള ഏതൊരു വന്യമൃഗത്തെയും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുഖേന വേട്ടയാടുന്നതിനാണ് 11(1)(b) വകുപ്പ് പ്രകാരം അനുവദിച്ചിട്ടുള്ളത്. ആക്റ്റിന്റെ 11-ാം വകുപ്പിന്റെ ആവശ്യത്തിലേയ്ക്ക് "അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ" ആരാണെന്ന് വ്യക്തമാക്കിയിട്ടില്ല. ആ നിലയ്ക്ക്, ആക്റ്റിന്റ 4(1)(bb),(c) എന്നീ വകുപ്പുകൾ പ്രകാരം സർക്കാർ നിയോഗിക്കുന്ന ആളുകളെ ആക്റ്റിന്റെ 11(1)(b) പ്രകാരമുള്ള 'authorized officer' മാരായി ചുമതലപ്പെടുത്താവുന്നതാണ്. wild pig (sus scrofa) എന്നത് ആക്റ്റിന്റെ Schedule III Sl. No. 19 ൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ, 11(1)(b) ലെ നിബന്ധനകൾ പാലിക്കപ്പെടുന്ന സംഗതിയിൽ അങ്ങനെയുള്ള മൃഗത്തെ വേട്ടയാടുന്നതിന് അധികാരം നൽകുന്നതിൽ നിയമ തടസ്സമില്ല

3) നിലവിലെ നിർദ്ദേശങ്ങളിൽ വനാതിർത്തി പങ്കിടുന്ന പഞ്ചായത്ത് വാർഡുകളിൽ ഉൾപ്പെട്ടുവരുന്ന വനേതര പ്രദേശങ്ങളിൽ hunting നുള്ള അധികാരം വനം വകുപ്പ് ഉദ്യോഗസ്ഥരിൽ തന്നെ നിലനിർത്തിയിട്ടുള്ളതായാണ് കാണുന്നത്. ആയത് ക്രമപ്രകാരമാണ്.

4) ആക്റ്റിന്റെ വകുപ്പ് 5(2),(3) എന്നിവ പ്രകാരം Chief Wild Life Warden ന് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി തന്റെ അധികാരം ഏതൊരാൾക്കും ഏൽപ്പിച്ചു നൽകാവുന്നതും അപ്രകാരം ഏൽപ്പിച്ചു നൽകുന്നത് സംബന്ധിച്ച നിബന്ധനകളും രീതിയും ഒരു പൊതു ഉത്തരവിലൂടെ നിശ്ചയിക്കപ്പെടാവുന്നതുമാണ്. ആ നിലയ്ക്ക് ആക്റ്റിന്റെ 11(1)(b) യുടെ ആവശ്യത്തിലേയ്ക്ക് ഒരു പൊതു ഉത്തരവ് പുറപ്പെടുവിക്കാൻ Chief Wild Life Warden ന് നിർദ്ദേശം നൽകാവുന്നതാണ്.

5) ആക്റ്റിന്റെ 11(3) പ്രകാരം കൊല്ലപ്പെടുന്നതോ മുറിവേൽക്കുന്നതോ ആയ വന്യമൃഗങ്ങൾ ഗവ. പ്രോപ്പർട്ടി ആണെന്നും, ആക്റ്റുകളിലേയോ ചട്ടങ്ങളിലേയോ അതിന് കീഴിൽ പുറപ്പെടുവിച്ച

ഉത്തരവുകളിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമായി മൃഗങ്ങളെ കൊല്ലുന്നതോ മുറിവേൽപ്പിക്കുന്നതോ കുറ്റകരമാണെന്നും വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ അത്തരം നടപടികൾ തടയുന്നതിനും കൊല്ലപ്പെടുന്ന അല്ലെങ്കിൽ മുറിവേൽക്കുന്ന മൃഗങ്ങളുടെ ജഡം മറവ് ചെയ്യുന്നത്, അവയുടെ മഹസ്സർ തയ്യാറാക്കുന്നത്, വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ റിപ്പോർട്ട് ചെയ്യുന്നത് / രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങളും ഉത്തരവിൽ ഉൾപ്പെടുത്താവുന്നതാണ്".

പ്രസ്തുത വിഷയം 25.05.2022-ലെ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

**<u>തീരുമാനിക്കേണ്ട കാര്യം</u>**

വനം വന്യജീവി സംരക്ഷണ നിയമം 1972-ലെ ചട്ടം 11 (1)(ബി) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കൊണ്ട് മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ നേരിടാൻ കേന്ദ്രസർക്കാർ അറിയിച്ചത് പ്രകാരം കാട്ടുപന്നിയുടെ ആക്രമണം ഫലപ്രദമായി പ്രതിരോധിക്കുന്നതിനായുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് അനുമതി നൽകാമോ?

1. വനാർതിർത്തി പങ്കിടുന്ന ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി /കോർപറേഷൻ വാർഡുകൾ ഒഴിച്ച് ബാക്കി വാർഡുകളിൽ കാട്ടുപന്നികളെ അനുയോജ്യമായ മാർഗ്ഗങ്ങളിലൂടെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ ഗ്രാമ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപറേഷൻ എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണ്. എന്നാൽ കുരുക്കിട്ടു പിടിക്കൽ, വിഷ പ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നികളെ നശിപ്പിക്കുവാൻ പാടുള്ളതല്ല.
2. ഇപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അധികാരപ്പെടുത്തുന്നതിനായി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, മുൻസിപ്പൽ ചെയർപേഴ്സൺ, കോർപ്പറേഷൻ മേയർ എന്നിവരെ 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 4(1)(bb) പ്രകാരം Honorary

Wild Life Warden ആയി സർക്കാർ നിയമിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, മുൻസിപ്പൽ സെക്രട്ടറി, കോർപ്പറേഷൻ സെക്രട്ടറി എന്നിവരെ വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 4 (1) (c) പ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥരായി, വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 11. (1) (b) പ്രകാരമുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അധികാരപ്രകാരം നിയമിക്കാവുന്നതാണ്.

3. വനാർതിർത്തി പങ്കിടുന്ന പഞ്ചായത്ത് വാർഡുകൾ ഉൾപ്പെട്ടു വരുന്ന വനേതര ഭൂമികളിലെ കാട്ടുപന്നികളെ വനം വകുപ്പ് നേരിട്ട് ജനജാഗ്രതാ സമിതികളുടെ പങ്കാളിത്തത്തോട്ടുകൂടി നിയന്ത്രിക്കാവുന്നതാണ്.

4. 100 ഏക്കർ വരെ വിസ്തൃതിയുള്ള ചെറിയ വന പ്രദേശത്തെ കാട്ടുപന്നികളെ വനം വകുപ്പിന് തന്നെ നിയന്ത്രിക്കാവുന്നതാണ്.

5. ഇനം 1, 2 പ്രകാരം കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുവാൻ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 11 (1) (b) പ്രകാരമുള്ള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അധികാരം Honorary Wild Life Warden മാർക്കും, അധികാരപ്പെട്ട ഉദ്യോസ്ഥൻമാർക്കും വന്യജീവി (സംരക്ഷണ) നിയമത്തിലെ സെക്ഷൻ 5 (2) പ്രകാരം ഡെലിഗേറ്റ് ചെയ്യുവാനുള്ള അനുമതി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകാവുന്നതാണ്.

6. ഇപ്രകാരം കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്ന വേളകളിൽ മനുഷ്യജീവനും സ്വത്തിനും വളർത്തു മൃഗങ്ങൾക്കും ഇതര വന്യജീവികൾക്കും നാശനഷ്ടങ്ങൾ ഉണ്ടാകുന്നില്ല എന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതുണ്ട്.

7. കൊല്ലപ്പെടുന്ന കാട്ടുപന്നിയുടെ ജഡം കത്തിക്കുകയോ, മണ്ണെണ്ണ ഒഴിച്ച് മറവ് ചെയ്യുകയോ ചെയ്യേണ്ടതും, ആയത് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതുമാണ്.

8. കൊല്ലപ്പെടുന്ന പന്നികളുടെയും സംസ്കരിക്കപ്പെടുന്ന ജഡങ്ങളുടെയും വിവരങ്ങൾ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം ആയതിനായി തയ്യാറാക്കിയ രജിസ്റ്ററിൽ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതാണ്.

9. ജന ജാഗ്രതാ സമിതികളുടെ സേവനം കാട്ടുപന്നികളെ കൊന്ന് ഇല്ലായ്മ ചെയ്യുന്നതിലും ജഡം യഥാവിധി സംസ്കരിക്കുന്നതിലും പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ ഉപയോഗിക്കാവുന്നതാണ്.

10. 05.05.2022 ലെ സ. ഉ (കൈ) നമ്പർ 23/2022/വനം നമ്പർ ഉത്തരവിന് പകരമായി മേൽ നടപടിക്രമങ്ങൾ വ്യക്തമാക്കിയുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാവുന്നതും, തുടക്കത്തിൽ ടി ഉത്തരവിന് ഒരു വർഷത്തെ പ്രാബല്യം നൽകാവുന്നതുമാണ്